ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE:19.08.2025**

## പ്രധാനവാർത്ത

1) പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മൈൻസ് ആൻഡ് മിനറൽസ് ഭേദഗതി ബിൽ രാജ്യസഭ പാസ്സാക്കി.
2) രാജസ്ഥാനിലെ കോട്ട-ബുംദി ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.
3) സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് നിർവഹിക്കും.
4) മിൽമയുടെ ബോട്ടിൽ മിൽക്ക് ഇന്നു മുതൽ വിപണിയിൽ.
5) ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണമെന്റിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു.

RNU TVPM

സൂര്യകുമാർ യാദവ് ടീമിനെ നയിക്കും. സഞ്ജു സാംസൺ ടീമിൽ ഇടം നേടി.

6) മഹാരാഷ്ട്രയിൽ അതിശക്തമായ മഴ. കൊങ്കൺ മേഖലയിലും, മുംബൈ നഗരത്തിലും ജനജീവിതം ദുരിതത്തിൽ.

&&&&&&&&&&&&&&&&&&

## പാർലമെന്റ്

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം. വിഷയത്തിൽ അടിയന്തരചർച്ച ആവശ്യപ്പെട്ട് രാജ്യസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന 20 നോട്ടീസുകൾ സഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളിയതോടെയാണ് പ്രതിഷേധം ശക്തമായത്. തുടർന്ന് നടപടിക്രമങ്ങൾ ഒന്നിലേറെ തവണ നിർത്തിവച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക്

RNU TVPM

പിരിയുകയായിരുന്നു. ലോക്സഭയിലും സമാനമായ സംഭവങ്ങളാണ് അരങ്ങേറിയത്. നടപടിക്രമങ്ങൾ തടസ്സപ്പെടുത്തരുതെന്ന് സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. പ്രതിപക്ഷ ബഹളത്തിനിടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് മാനേജ്മെന്റ് ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി. മൈൻസ് ആൻഡ് മിനറൽസ് ഭേദഗതി ബില്ലിന് രാജ്യസഭയും ഇന്ന് അംഗീകാരം നൽകി. ധാതുക്കൾ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായത്തിനായി ദേശിയ മിനറൽ എക്സ്പ്ലൊറേഷൻ ഫണ്ട് രൂപീകരിക്കുന്നത് ഉൾപ്പെടെ വ്യവസ്ഥ ചെയ്യുന്നതാണ് പ്രസ്തുത ബിൽ.

&&&&&&&&&&&&&&&&&&

**കേന്ദ്രമന്ത്രിസഭ**

രാജസ്ഥാനിലെ കോട്ട-ബുംദി ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 1,507 കോടി രൂപ ചിലവിൽ നിർമിക്കുന്ന വിമാനത്താവളത്തിന്

RNU TVPM

മണിക്കൂറിൽ ആയിരം യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ടായിരിക്കും. രാജസ്ഥാന്റെ വ്യാവസായിക തലസ്ഥാനം, കോച്ചിങ്ങ് ഹബ് എന്നീ നിലകളിൽ അറിയപ്പെടുന്ന കോട്ട നഗരത്തിന് ഏറെ പ്രയോജനകരമാകുന്ന പദ്ധതിയാണിത്. 8,307 കോടി രൂപ ചിലവ് വരുന്ന ഒഡീഷ റിങ്ങ് റോഡ് പദ്ധതിക്കും മന്ത്രിസഭ ഇന്ന് അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

**എം ബി രാജേഷ്**

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം. കേരളം കൈവരിച്ച ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ വൈകുന്നേരം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നിർവഹിക്കുമെന്ന് മന്ത്രി എം ബി രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഡിജിറ്റൽ സാക്ഷരതയുടെ

RNU TVPM

പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് കേരള സർക്കാർ ഡിജി-കേരളം പദ്ധതിക്ക് തുടക്കം കുറിച്ചത്. 83 ലക്ഷത്തി 45,879 കുടുംബങ്ങളെ ഉൾപ്പെടുത്തി നടത്തിയ സർവേയിലൂടെ 21 ലക്ഷത്തി 88,398 പേരെയാണ് പഠിതാക്കളായി കണ്ടെത്തിയത്. ഇവരിൽ 21ലക്ഷത്തി 87,667 പഠിതാക്കൾ മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചതായി മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**സപ്ലൈകോ- ജി ആർ അനിൽ**

ഈ ഓണക്കാലത്ത് വെളിച്ചെണ്ണ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ പൊതുവിപണി വില കുറയ്ക്കാൻ സപ്ലൈകോയുടെ ഇടപെടലിലൂടെ കഴിഞ്ഞുവെന്ന് മന്ത്രി ജി ആർ അനിൽ. ഓണക്കാലത്തെ വരവേൽക്കാൻ വിപുലമായ പദ്ധതികൾ സപ്ലൈകോ ആസൂത്രണം ചെയ്തതായും അദ്ദേഹം പറഞ്ഞു. സപ്ലൈകോയുടെ ശബരി ബ്രാൻഡിൽ അഞ്ചു

RNUTVPM

പുതിയ ഉത്പന്നങ്ങൾ വിപണിയിലിറക്കുന്ന ചടങ്ങ് എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കഴിഞ്ഞമാസം 32 ലക്ഷംപേർ സപ്ലൈകോയുടെ സേവനം ഉപയോഗിച്ചതായും ശ്രീ ജി ആർ അനിൽ വ്യക്തമാക്കി. ഓണച്ചന്തകൾ ഈ മാസം 25 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**മിൽമ ബോട്ടിൽ മിൽക്ക്**

RIJU TVPM

മിൽമയുടെ ബോട്ടിൽ മിൽക്ക് ഇന്നു മുതൽ വിപണിയിൽ . തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മന്ത്രി ചിഞ്ചു റാണി ബോട്ടിൽ മിൽക്ക് പുറത്തിറക്കി. പ്ലാസ്റ്റിക് ഉപയോഗം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് മിൽമ, ബോട്ടിൽ മിൽക്ക് പുറത്തിറക്കിയിയതെന്ന് മന്ത്രി പറഞ്ഞു. മൂന്ന് ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാവുന്ന

വിധത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ബോട്ടിൽ തിരിച്ച് എടുക്കുന്ന പദ്ധതിയും മിൽമയുടെ പരിഗണനയിലുണ്ട്.

**&&&&&&&&&&&&&&&&&&**

**സ്പെയ്സ് സെന്ററർ (ഇൻട്രോ)**

ആഗസ്റ്റ് 23-ദേശീയ ബഹിരാകാശ ദിനത്തിനു മുന്നോടിയായി തിരുവനന്തപുരം വിക്രം സാരാഭായ് സ്പെയ്സ് സെന്ററിൽ നടത്തിയ ഓപ്പൺ ഹൗസ് പരിപാടിയിൽ അയ്യായിരത്തിലേറെ പേർ പങ്കെടുത്തു. ദേശീയ ബഹിരാകാശ ദിനത്തിന്റെ പ്രചരണാർത്ഥം വിപുലമായ പരിപാടികളാണ് കേരളത്തിലും ലക്ഷദ്വീപിലും മാഹിയിലുമായി VSSC യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്നും ആകാശവാണി ലേഖകൻ എം സ്മിതി ...

RNU TVPM

(ഹേറാൾഡ്)

&&&&&&&&&&&&&&&&&&

**അമിത്ഷാ കൊച്ചിയിൽ.**

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഈ മാസം 22 ന് കൊച്ചിയിൽ എത്തും. ബിജെപി സംസ്ഥാന നേതൃയോഗത്തിന്റെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. പാലാരിവട്ടത്ത് നടക്കുന്ന നേതൃയോഗത്തിൽ ജില്ലാ അധ്യക്ഷന്മാർ, മേഖലാ -സംസ്ഥാന ഭാരവാഹികൾ തുടങ്ങിയ മുതിർന്ന നേതാക്കന്മാർ പങ്കെടുക്കും. സംസ്ഥാന നേതൃയോഗത്തിന് മുന്നോടിയായുള്ള അവലോകന യോഗം

ബിജെപി എറണാകുളം സിറ്റി ജില്ലാ ഓഫീസിൽ നടന്നു.

RNU TVPM

&&&&&&&&&&&&&&&&&&

**വർണപ്പകിട്ട് (ഇൻട്രോ)**

സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് ട്രാൻസ്ജെൻഡർ കലോത്സവം ഈ മാസം 21 മുതൽ 23 വരെ കോഴിക്കോട്

നടക്കുമെന്ന് മന്ത്രി ആർ ബിന്ദു. കലോത്സവത്തിന്റെ ഉദ്ഘാടനം 21-ന് വൈകുന്നേരം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കും. കലോത്സവത്തിനൊപ്പം ഫിലിം ഫെസ്റ്റിവലും സെമിനാറും സംഘടിപ്പിക്കുമെന്നും മന്ത്രി വാർത്താസമ്മേളത്തിൽ പറഞ്ഞു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിച്ച്, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്നത് സാമൂഹ്യനീതി വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്നും ശ്രീമതി ആർ ബിന്ദു വ്യക്തമാക്കി.
(ഹോൾഡ്)

&&&&&&&&&&&&&&&&&&

## നിമിഷ പ്രിയ- ഫാക്ട് ചെക്ക്

നിമിഷ പ്രിയ കേസിൽ ഇന്ത്യ ഗവണ്മെന്റിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സംഭാവനകൾ ആവശ്യപ്പെട്ട് സമൂഹ

RNU TVM

മാധ്യമങ്ങളിൽ പ്രചരിക്കുന്ന പോസ്റ്റ് വ്യാജമെന്ന് വിദേശകാര്യമന്ത്രാലയത്തിന്റെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. SAVE NIMISHA PRIYA എന്ന പേരിൽ ബാങ്ക് അക്കൗണ്ട് വഴി 8.3 കോടി രൂപ സമാഹരിക്കുന്നതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**രാജ്യാന്തര ഡോക്യുമെന്ററി (ഇൻട്രോ )**

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 17 -ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയ്ക്ക് വെള്ളിയാഴ്ച തിരുവനന്തപുരത്ത് തുടക്കം. ഫ്രം ഗ്രൗണ്ട് സീറോയാണ് മേളയുടെ ഉദ്ഘാടന ചിത്രം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രജു കോലിയക്കോട്........**

RNU TVPM

(വോയിസ്)

&&&&&&&&&&&&&&&&&&

**വീണാ ജോർജ്**

സംസ്ഥാനത്ത് കഴിഞ്ഞ ഒരു മാസത്തിനിടെ 1014 വെളിച്ചെണ്ണ പരിശോധനകൾ നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പരിശോധനകളിൽ 17,000ത്തോളം ലിറ്റർ വ്യാജ വെളിച്ചെണ്ണ പിടിച്ചെടുത്തു. കേരസൂര്യ, കേര ഹരിതം, കുട്ടനാടൻ കേര തുടങ്ങിയ പേരിലുള്ള വെളിച്ചെണ്ണ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടി സ്വീകരിച്ചു. കൂടുതൽ സ്ഥലങ്ങളിൽ വരും ദിവസങ്ങളിൽ പരിശോധന നടത്തുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**തെരുവ് നായയുടെ ആക്രമണം**

കണ്ണൂർ നഗരത്തിൽ വീണ്ടും തെരുവ് നായയുടെ ആക്രമണം. സബ് ജയിൽ പരിസരം, കാൽടെക്സ്

ഭാഗങ്ങളിൽ എട്ടോളം പേർക്ക് നായയുടെ കടിയേറ്റത്. ഇന്ന് ഉച്ചയ്ക്ക് 12.30 ഓടെയായിരുന്നു സംഭവം.

&&&&&&&&&&&&&&&&&&

## ഏഷ്യാ കപ്പ്

ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണമെന്റിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. 15-അംഗ ടീമിനെ സൂര്യകുമാർ യാദവ് നയിക്കും. മലയാളി താരം സഞ്ജു സാംസണും ജസ്പ്രീത് ബുംറയും ടീമിലിടം പിടിച്ചിട്ടുണ്ട്. ടി-20 ഫോർമാറ്റിലുള്ള ഇത്തവണത്തെ ഏഷ്യാ കപ്പ് മത്സരങ്ങൾ യുഎഇയിലാണ് നടക്കുന്നത്. ടൂർണമെന്റ് സെപ്റ്റംബർ ഒമ്പതിന് ആരംഭിക്കും.

RMU TVPM

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി.

കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മഹാരാഷ്ട്രയിലെ കൊങ്കൺ മേഖലയിലും, മുംബൈ നഗരത്തിലും ഇന്ന് അതിശക്തമായ മഴയാണ് അനുഭവപ്പെട്ടത്. നന്ദേഡിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ എട്ട് മരണം റിപ്പോർട്ട് ചെയ്തു. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മുംബൈ നഗരത്തിൽ കനത്ത മഴ ജനജീവിതം ദുരിതത്തിലാക്കി. താഴ്ന്ന മേഖലകളിൽ വെള്ളം കയറി. വാഹന ഗതാഗതത്തെയും, ട്രെയിൻ സർവീസുകളെയും, മുംബൈ വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവീസുകളെയും മഴ സാരമായി ബാധിച്ചു.

RNUTVPM

**&&&&&&&&&&&&&&&&&&**

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 370 പോയിന്റ് ഉയർന്ന്

81,644 ലും, നിഫ്റ്റി 103 പോയിന്റ് നേട്ടത്തിൽ 24,980 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 73,880 രൂപയും, ഗ്രാമിന് 9,235 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&